"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീമതി.വത്സല പി.(സെക്രട്ടറി, തിരുനാവായ ഗ്രാമപഞ്ചായത്ത്)-കുടുംബശ്രീ തൃശ്ശൂർ ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയംഭരണ(ഐ.എ)വകുപ്പ്

**സ.ഉ.(സാധാ) നം.97/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 13/01/2020

പരാമർശം:- 1 10.05.2013 തീയതിയലെ 42/2013/ഫിൻ.നം.സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി)നം.580/2013/ഫിൻ.

3 24.05.2018 തീയതിയിലെ സ.ഉ(സാധാ)നം.1433/2018/തസ്വഭവ

4 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14/11/2019-ലെ 5519/ഇ1/2018/കെ.എസ്.എച്.ഒ നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം തിരുനാവായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീമതി. വത്സല. പി-യെ അന്യത്രസേവനവ്യവസ്ഥയിൽ കുടുംബശ്രീ തൃശ്ശൂർ ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി പരാമർശം(3) ലെ സർക്കാർ ഉത്തരവ് പ്രകാരം നിയമിച്ചിരുന്നു.

(2) ടിയാളുടെ അന്യത്രസേവന കാലാവധി 05/06/2019 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ 06/06/2019 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (4)-ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം തിരുനാവായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീമതി. വത്സല. പി-യുടെ കുടുംബശ്രീ തൃശ്ശൂർ ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ട (140 സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം 1, 2 എന്നിവയിലെ ഉത്തരവിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 06/06/2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നന്ദന ആർ പി**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീമതി.വത്സല പി.(പഞ്ചായത്ത് ഡയറക്ടർ മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ